(ഡി) ഓപ്പൺസ്കൂൾ വിദ്യാർത്ഥികൾക്കായി പ്രത്യേക പാഠപുസ്തകമില്ല. റഗുലർ ഹയർസെക്കന്ററി പാഠപുസ്തകങ്ങളാണ് ഓപ്പൺസ്കൂൾ വിദ്യാർത്ഥികളും ഉപയോഗിക്കുന്നത്.

ഹയർസെക്കന്ററി ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ

42 (5111) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.ഒ. (ആർ.റ്റി) 5567/14 തീയതി 15-12-2014 പ്രകാരമുള്ള ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ സംബന്ധിച്ച ഉത്തരവിന്റെ തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽ ഉത്തരവിന്മേലുള്ള വകുപ്പുതല നടപടികൾ പൂർത്തിയായോ ; ഈ ഉത്തരവിന്റെ മുൻകാല പ്രാബല്യം ഏത് തീയതി മുതൽക്കാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) മേൽ ഉത്തരവിൻപ്രകാരം എത്ര ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ജി.ഒ.(ആർ.റ്റി) 5567/14 തീയതി 15-12-2014 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലെയും ഹയർസെക്കന്ററി സ്കൂളുകളിലെ ലബോറട്ടറി അറ്റൻന്റ്റ് ടെസ്റ്റ് വിജയിക്കാത്ത, ഉത്തരവ് തീയതിവരെ സർവ്വീസിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ച ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 168 ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇല്ല. നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധിയൊന്നും എടുത്തിട്ടില്ല എങ്കിൽ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതിമുതൽ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ടുവർഷം പൂർത്തിയാകുന്ന തീയതി മുതൽ പ്രാബല്യം ലഭിക്കുന്നതാണ്.

(സി) ലബോറട്ടറി അറ്റൻന്റ്റ് ടെസ്റ്റ് വിജയിക്കാത്ത 15-12-2014 വരെ സർവ്വീസിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ച എല്ലാ ജീവനക്കാർക്കും മേൽ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly